**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2013** **11-10-2021 - ൽ മറുപടിയ്ക്ക്**

**പന്തീരങ്കാവ് പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ പന്തീരങ്കാവ് പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പിന് അനുവദിച്ച 197 ലക്ഷം രൂപ തേഞ്ഞിപ്പാലം പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കാൻ മാറ്റി നൽകുന്നതിന് സംസ്ഥാന പോലീസ് മേധാവി ഉത്തരവ് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉത്തരവ് നൽകിയിട്ടുണ്ട്. |
| (ബി) | 2021-22 ബഡ്ജറ്റിൽ പന്തീരങ്കാവ് പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തിക്ക് ടോക്കൺ പ്രൊവിഷനായി 100 രൂപ മാത്രമാണ് ഉൾപ്പെടുത്തിയത് എന്നിരിക്കെ കെട്ടിടം നിർമ്മിക്കാൻ തുക വകയിരുത്തിയിട്ടുണ്ട് എന്ന് തെറ്റായി റിപ്പോർട്ട് ചെയ്യാൻ ഇടയാക്കിയ സാഹചര്യം വിശദമാക്കാമോ; | (ബി) | 22.06.2021 ലെ സർക്കാർ ഉത്തരവ് നം.1733/2021/ആഭ്യന്തരം പ്രകാരം 610 ലക്ഷം രൂപ ചെലവഴിച്ച പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനു ഭരണാനുമതി നൽകിയിട്ടുണ്ട്. പന്തീരാങ്കാവ് പോലീസ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2021-22 സാമ്പത്തിക വർഷം 36 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാന പോലീസ് മേധാവിയുടെ 09.08.2021 ലെ എച്ച്.11(ബി)158487/2020/പി.എച്ച്.ക്യു. നമ്പർ ഉത്തരവ് റദ്ദ് ചെയ്യാൻ നടപടി സ്വീകരിക്കുമോ? | (സി) | പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ